<u>പതിനാലാം കേരളനിയമസഭ</u>

<u>പത്താം സമ്മേളനം</u>

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 128 | 26.02.2018-ൽ മറുപടിക്ക് |
|---|---|

## സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി<br>,, യു. പ്രതിഭ ഹരി<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>,, പി. ഉണ്ണി | പിണറായി വിജയൻ<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കാനും സുരക്ഷിതബോധം ഉറപ്പാക്കാനുമായി എടുത്തിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കാനും സുരക്ഷിതബോധം ഉറപ്പിക്കുന്നതിനുമായി താഴെപ്പറയുന്ന വിവിധ പദ്ധതികൾ സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>1) **നിർഭയ**<br>സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ടി 2014-ൽ എറണാകുളത്ത് പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിക്കുകയും പിന്നീട് പ്രവർത്തനം നിലയ്ക്കുകയും ചെയ്ത ഈ പദ്ധതി 2016-ൽ പുനരാവിഷ്കരിച്ച് കേരളമാകെ നടപ്പാക്കിവരുന്നു.<br>2) **പിങ്ക് ബീറ്റ്**<br>ദിവസവും രാവിലെ 8 മണിമുതൽ 11 വരെയും വൈകുന്നേരം 3 മണിമുതൽ 7 മണിവരെയും സിറ്റികളിൽ പിങ്ക് ബീറ്റ് നടപ്പിലാക്കി വരുന്നു. വനിതാ പോലീസ് ഉദ്യോഗസ്ഥർ കൺട്രോൾ റൂമുമായി ബന്ധപ്പെട്ട് ബസ് സ്റ്റോപ്പുകൾ, സ്കൂൾ/കോളേജ് പരിസരം, തിരക്കുള്ള ബസ്സുകൾ എന്നിവിടങ്ങളിൽ സഞ്ചരിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുകയും അവർക്ക് സുരക്ഷ ഒരുക്കുകയും ചെയ്യുന്നു.<br>3) **പിങ്ക് പട്രോൾ**<br>തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, ആലപ്പുഴ, കോട്ടയം, എറണാകുളം സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കണ്ണൂർ എന്നിവിടങ്ങളിൽ സ്ത്രീ |

| | | | |
|---|---|---|---|
| | | | സുരക്ഷയ്ക്കായി പിങ്ക് പട്രോളിംഗ് നടത്തിവരുന്നു. രാവിലെ 8 മണിമുതൽ രാത്രി 8 മണിവരെ വനിത പോലീസ് ഉദ്യോഗസ്ഥർ പിങ്ക് പട്രോൾ വാഹനങ്ങളിൽ തിരക്കുള്ള സ്ഥലങ്ങൾ, പാർക്കുകൾ, റയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ് മുതലായ സ്ഥലങ്ങൾ സഞ്ചരിച്ച് സ്ത്രീകൾക്ക് സുരക്ഷ ഒരുക്കുന്നു.<br>4) **സെൽഫ് ഡിഫൻസ് ട്രെയിനിംഗ്**<br>സംസ്ഥാനത്തുടനീളം സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങളെ നേരിടുന്നതിനും സ്വയം പ്രതിരോധശേഷിയും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനായി സ്കൂളുകൾ, കോളേജുകൾ, കുടുംബശ്രീ യൂണിറ്റുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് സ്വയം പ്രതിരോധ പരിശീലനം നൽകിവരുന്നു.<br>5) **വനിതാ ഹെൽപ്പ് ലൈൻ**<br>ജില്ലാ ആസ്ഥാനങ്ങളിൽ കൺട്രോൾ റൂം മാതൃകയിൽ 24 മണിക്കൂറും വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. വിഷമഘട്ടത്തിലുള്ള സ്ത്രീകൾക്കും, കുട്ടികൾക്കും ആവശ്യമായ സഹായം 24 മണിക്കൂറും ഈ കേന്ദ്രത്തിൽനിന്നും ലഭിക്കുന്നു.<br>കൂടാതെ പഞ്ചായത്ത് തലത്തിൽ നിയോഗിക്കുന്ന വനിതാ പോലീസ് ബീറ്റ് ഓഫീസർമാർ അതാത് പഞ്ചായത്തുകളിൽ ആഴ്ചയിൽ ഒരു ദിവസം പ്രസ്തുത പഞ്ചായത്തിലെ വനിതകളിൽ നിന്നും പോലീസ് വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിച്ച് നിയമപാലന അധികാരം ഉപയോഗിച്ച് അവിടെവെച്ച് പരിഹരിക്കുകയും, പരിഹരിക്കാൻ പറ്റാത്ത പരാതികൾ ബന്ധപ്പെട്ട എസ്.എച്ച്.ഒ-മാരുടെ ശ്രദ്ധയിൽപ്പെടുത്തി വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | 'നിർഭയ കേരളം സുരക്ഷിത കേരളം' പദ്ധതി എത്രമാത്രം ഫലപ്രദമാണെന്ന് അവലോകനം ചെയ്തിട്ടുണ്ടോ; | (ബി) | അവലോകനം ചെയ്തിട്ടുണ്ട്. |
| (സി) | ഗാർഹിക പീഡനം ഉൾപ്പെടെ സ്ത്രീകളുടേയും കുട്ടികളുടേയും നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് സന്നദ്ധസേവകരുടെ സേവനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി, തെരഞ്ഞെടുത്ത കുടുംബശ്രീ പ്രവർത്തകരെ പരിശീലിപ്പിച്ച് പങ്കാളിത്തം നൽകാൻ പദ്ധതിയുണ്ടോ: വിശദാംശം ലഭ്യമാക്കുമോ? | (സി) | വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, റസിഡൻസ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ സ്ത്രീകൾക്കായി സ്വയംരക്ഷാ പരിശീലന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഗാർഹിക പീഡനം ഉൾപ്പെടെയുള്ള സ്ത്രീകളുടെയും, കുട്ടികളുടെയും നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും സന്നദ്ധ സേവകരുടെ സേവനം പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ